# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 9, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### 1. അനുമോദനം

ടോക്കിയോ ഒളിംപിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം

മി. സ്പീക്കർ: ടോക്കിയോ ഒളിംപിക്സിൽ പുരുഷ വിഭാഗം ജാവലിംഗ് ത്രോ മത്സരത്തിൽ സ്വർണ്ണ മെഡൽ നേടിയ ശ്രീ. നീരജ് ചോപ്രയേയും

പുരുഷ വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തി മത്സരത്തിൽ വെങ്കലമെഡൽ നേടിയ ബെജറംഗ് പൂനിയയേയും കേരള നിയമസഭ അഭിനന്ദിക്കുന്നു.

## II. അടിയന്തരപ്രമേയം

ദുരന്തബാധിതരുടെ പുനരധിവാസവും നഷ്ടപരിഹാരവും

മി. സ്പീക്കർ: വയനാട് ജില്ലയിലെ പുത്തുമലയിലും മലപ്പുറം ജില്ലയിലെ കവളപ്പാറയിലും ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലുമുണ്ടായ ദുരന്തങ്ങളിൽ മരിച്ചവരുടെ കുടുംബങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്കും നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്താത്തതും കാലവർഷം ശക്തമാകുന്ന പശ്ചാത്തലത്തിൽ ഉരുൾപൊട്ടൽ ഭീതി നിലനിൽക്കുന്ന പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ടി. സിദ്ദിഖ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 06-08-2020-ന് ഇടുക്കിയിലെ പെട്ടിമുടിയിലുണ്ടായ ഉരുൾപൊട്ടലിൽ 66

പേർ മരണപ്പെടുകയും നാലുപേരെ കാണാതാവുകയും 12 പേരെ രക്ഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 46 കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ധനസഹായം നൽകുകയും 18 പേരുടെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഗസറ്റിൽ ഉൾപ്പെടുത്തി ഉടൻതന്നെ വിതരണം ചെയ്യാനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ്നാട്ടുകാരായ രണ്ടുപേരുടെ രേഖകൾ ഹാജരാക്കാനുള്ള തടസ്സങ്ങൾ നീക്കി ധനസഹായം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുനരധിവാസത്തിന് സർക്കാർ നൽകിയ ഭൂമിയിൽ ഒരുകോടി രൂപ മുടക്കി ടാറ്റാ കമ്പനി വീടുകൾ നിർമ്മിച്ച് നൽകുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് മരണപ്പെട്ടവരുടെ മക്കളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. മലപ്പുറം കവളപ്പാറ ദുരന്തത്തിൽ മരണപ്പെട്ട 56 പേരുടെ ആശ്രിതർക്ക് ദുരന്തനിവാരണ നിധിയിൽനിന്ന് നൽകേണ്ട എല്ലാ സഹായങ്ങളും നൽകിയിട്ടുണ്ട്. കവളപ്പാറയിൽനിന്നും പുരധിവസിപ്പിക്കേണ്ട 127 കുടുംബങ്ങളിൽ 33 പേർക്ക് ശ്രീ. യൂസഫലിയുടെ സഹായത്തോടുകൂടി വീടുകൾ നിർമ്മിച്ചുനൽകിയതുൾപ്പെടെ 65 കുടുംബങ്ങളെ പൂർണ്ണമായും പുനരധിവസിപ്പിക്കുകയും 58 പേരുടെ ഭവന നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. 67 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനായി 4.02 കോടി

രൂപയും വീട് വയ്ക്കുന്നതിനായി 4 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

വയനാട് പുത്തുമലയിലെ ദുരന്തത്തിൽ 12 പേർ മരിക്കുകയും 5 പേരെ കാണാതാവുകയും 63 പേരുടെ വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തതിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എല്ലാ സഹായങ്ങളും നൽകിയിട്ടുണ്ട്. മാറ്റി പാർപ്പിക്കേണ്ട 95 കുടുംബങ്ങളിൽ 45 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം നൽകുകയും 50 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. മാതൃഭൂമി ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭൂമി 'ഹർഷം' പദ്ധതിയിലൂടെ 56 പ്ലോട്ടുകളായി തിരിച്ച് വീടുകളും ഹെൽത്ത്/കമ്മ്യൂണിറ്റി സെന്ററും അങ്കണവാടിയുമെല്ലാം ഉൾപ്പെടുത്തി നിർമ്മിക്കുന്നുണ്ട്. അതിൽ 18 വീടുകളുടെ പണി പൂർത്തിയാക്കുകയും 20 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. ബാക്കിയുള്ള 15 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മലബാർ ചാരിറ്റബിൾ സൊസൈറ്റിയുടെ സഹായത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ഉരുൾപൊട്ടലിൽ ഒരായുസ്സിന്റെ സമ്പാദ്യം മുഴുവനും നഷ്ടപ്പെട്ട് പുനരധിവാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് കൃത്യമായ ഏകോപനത്തിലൂടെ ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങൾ

നടത്തുന്നതിലും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലും സർക്കാർ പൂർണ്ണ പരാജയമാണ്. കവളപ്പാറയിലെ 32 പട്ടികവർഗ്ഗ കുടുംബങ്ങൾ ഇപ്പോഴും പോത്തുകല്ലിലെ സ്വകാര്യ ക്യാമ്പിലും വാടക വീടുകളിലുമായി താമസിക്കുകയാണ്. ഹൈക്കോടതി ഇടപെടലിലൂടെയാണ് കവളപ്പാറയിൽ പുനരധിവാസം സാധ്യമായത്. വാടക വീടുകളിൽ കഴിയുന്നവരുടെ വീട്ടുവാടക നൽകാനും ഉരുൾപൊട്ടൽ ഭീതി നിലനിൽക്കുന്ന മുത്തപ്പൻകുന്നിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാനും സ്പോൺസർമാർക്ക് നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെ എത്തിക്കാൻ റോഡ് സൗകര്യം ഏർപ്പെടുത്താനും സർക്കാർ തയ്യാറാകണം. പൂർത്തീകരിച്ച വീടുകളിൽ വൈദ്യുതിയും വെള്ളവും ലഭ്യമാക്കാനും ആദിവാസി കുട്ടികളുൾപ്പെടെ പഠിക്കുന്ന പുത്തുമല ഗവൺമെന്റ് എൽ.പി. സ്കൂളിന് പുതിയ സ്ഥലം കണ്ടെത്താനുമുള്ള പ്രാഥമിക നടപടി സ്വീകരിക്കണം. പുനഃക്രമീകരണത്തിലൂടെ നഷ്ടപ്പെട്ട കാർഷിക ഭൂമി തിരികെ ലഭ്യമാക്കുകയും തോടുകൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, ആരാധനാലയങ്ങൾ, ഏലവയൽ ബൈപ്പാസ് എന്നിവ പുനരുദ്ധരിക്കുകയും വേണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവത്തോടെ കാണുകയും അതത് ഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ദേശീയ ദുരന്ത നിവാരണ നിധിയുടെ മാനദണ്ഡ പ്രകാരം വീട്ടുവാടക നൽകാൻ വ്യവസ്ഥയില്ല. വീടുനഷ്ടപ്പെട്ട ഓരോ കുടുംബത്തിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാല് ലക്ഷം രൂപ വീതം അനുവദിക്കുകയും കാണാതായവരെ സിവിൽ ഡെത്തായി കണക്കാക്കുന്നതിന് നിയമപ്രകാരം ഏഴ് വർഷത്തെ കാലവധിവേണമെന്നുള്ളത് കണക്കാക്കാതെ മരണപ്പെട്ടവരായി ഉൾപ്പെടുത്തി പ്രത്യേക ധനസഹായം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മുത്തപ്പൻകുന്നിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രസ്തുത സ്ഥലം വീണ്ടും പരിശോധിച്ച് നടപടിയെടുക്കാൻ ജിയോളജി വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക കുറവുകളുണ്ടെങ്കിൽ പരിഹരിക്കാൻ സർക്കാർ തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം ഏകീകരണം

ശ്രീ. വാഴൂർ സോമൻ: ഇരുപതു വർഷക്കാലമായി പുതിയ തൊഴിലാളികളെ നിയമിക്കുകയോ താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുകയോ ചെയ്യാതെ അതിഥിത്തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന തോട്ടമുടമകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും കേരളത്തിലെ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 60 ആയി ഏകീകരിക്കുന്നതിനുള്ള ഉത്തരവ് എത്രയുംവേഗം നടപ്പാക്കി തോട്ടം തൊഴിലാളികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുമുള്ള നടപടിയുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച കമ്മീഷൻ

റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനുള്ള നടപടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിക്കുകയുണ്ടായി. പ്രസ്തുത മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട കരട് പ്ലാന്റേഷൻ പോളിസി തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രായോഗിക പരിജ്ഞാനമുള്ള തൊഴിലാളികളെ നിലനിർത്തുകയും പെൻഷൻ പ്രായം 60 വയസ്സാക്കി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിരമിക്കൽ പ്രായം 60 വയസ്സാക്കിയതിനെതിരെ അസോസിയേഷൻ ഓഫ് പ്ലാന്റേഷന് അനുകൂലമായി ലഭിച്ച കോടതി ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് സമവായത്തിനും തോട്ടം ഉടമകളുടെ യോഗം വിളിച്ചുചേർത്ത് പരിഹാരത്തിനും ശ്രമിക്കുന്നതാണ്.

## 2. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിലെ അപാകത

ശ്രീ. ടി. വി. ഇബ്രാഹിം: ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് നിയമവിരുദ്ധമാണ്. നിയമനങ്ങളിൽ റൊട്ടേഷൻ നിശ്ചയിച്ച് ഭിന്നശേഷിക്കാർക്ക് സംവരണം നൽകിയതുമൂലം മുസ്ലീം സമുദായത്തിന്റെ സംവരണം 10 ശതമാനമായി കുറയുമെന്നതിനാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ

നടത്തിയതിലൂടെ സമുദായത്തിന് നഷ്ടപ്പെട്ട സംവരണവും 1995-ലെ ആക്ട് പ്രകാരം ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട ആനുകൂല്യങ്ങളും പുന:സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 19-04-2017-ൽ പ്രാബല്യത്തിൽ വന്ന ആക്ടിലെ വ്യവസ്ഥ പ്രകാരം സർക്കാർ ജോലികളിൽ ഭിന്നശേഷിക്കാരുടെ സംവരണം 4 ശതമാനമായി ഉയർത്തിയും നിയമനങ്ങളിലെ ടേൺ 1, 26, 51, 76 എന്ന ക്രമത്തിൽ നിശ്ചയിച്ചും സാമൂഹ്യനീതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നടപ്പിലാക്കുന്നതിൽ വ്യക്തത വരുത്തണമെന്ന പി.എസ്.സി.യുടെ ആവശ്യത്തിന്റെയും സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് സാമൂഹ്യനീതി-പൊതുഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും ടി വിഷയത്തിലെ സാങ്കേതിക കാര്യങ്ങളെക്കുറിച്ച് നിയമവകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും അഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മറ്റു സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെടുത്താതെ

ഭിന്നശേഷിക്കാർക്കുള്ള 4 ശതമാനം സംവരണം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## IV. സബ്മിഷൻ

### 1. സേവന വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: കേരള ഹോം ഗാർഡ്സ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഹോം ഗാർഡുകളുടെ പ്രതിമാസ വേതനം 21,840 രൂപയായും യൂണിഫോം അലവൻസ് 1500 രൂപയായും നിശ്ചയിക്കുകയും അവരെ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസേനയിൽനിന്നും വിരമിച്ച ജീവനക്കാരായതിനാൽ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യം അനുവദിച്ചിട്ടില്ല.

### 2. ഏലംകുളം ബാലചന്ദ്രന് നഷ്ടപരിഹാരം

ശ്രീ. നജീബ് കാന്തപുരം: മകളും ജീവനോപാധിയും നഷ്ടപ്പെട്ട ഏലംകുളം ബാലചന്ദ്രന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം ഏലംകുളം ബാലചന്ദ്രന്റെ മകൾ ദൃശ്യയെ മഞ്ചേരി സ്വദേശിയായ വിജീഷ് വീട്ടിൽ അതിക്രമിച്ചുകയറി കൊലപ്പെടുത്തുകയും സഹോദരി ദേവശ്രീയെ മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവത്തിൽ പെരിന്തൽമണ്ണ പോലീസ് പ്രതിയെ അറസ്റ്റുചെയ്ത് കേസന്വേഷണം നടത്തിവരികയാണ്. പ്രണയനൈരാശ്യംമൂലമാണ് കൃത്യം നടത്തിയതെന്നും പെരിന്തൽമണ്ണയിൽ നടത്തിയിരുന്ന ബാലചന്ദ്രന്റെ കച്ചവടസ്ഥാപനം തീവച്ച് നശിപ്പിച്ചത് താനാണെന്നും പ്രതി കുറ്റസമ്മതം നടത്തിയിട്ടുണ്ട്. 50 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി പരാതിക്കാരൻ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നാശനഷ്ടം കണക്കാക്കുന്നതിനായി പെരിന്തൽമണ്ണ പി.ഡബ്ല്യൂ.ഡി. നടപടി സ്വീകരിച്ചുവരുന്നു.

3. വടക്കഞ്ചേരിയിൽ എക്സൈസ് റേഞ്ചാഫീസ്

ശ്രീ. പി. പി. സുമോദ്: ആലത്തൂർ എക്സൈസ് റേഞ്ചാഫീസ് വിഭജിച്ച് വടക്കഞ്ചേരിയിൽ പുതിയ റേഞ്ചാഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സംസ്ഥാനത്താകെ 139 എക്സൈസ്

റേഞ്ചാഫീസുകളും 69 എക്സൈസ് സർക്കിൾ ഓഫീസുകളും നിലവിലുണ്ട്. അധികാരപരിധിയുടെ വിസ്തൃതി കൂടുതലുള്ള റേഞ്ചാഫീസുകൾ വിഭജിച്ച് പുതുതായി 37 റേഞ്ചാഫീസുകളും ആലത്തൂർ റേഞ്ചാഫീസ് വിഭജിച്ച് വടക്കഞ്ചേരി റേഞ്ചാഫീസും രൂപീകരിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിഗണിച്ചുവരുന്നു.

4. പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഓരോവർഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 കുട്ടികളുൾപ്പെടെ 100 കുട്ടികൾ പഠനം നടത്തുന്ന പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിന് 24-07-2021-ന് മെഡിക്കൽ കോളേജിലെ വിവിധ വകുപ്പുകളുമായി ചർച്ച നടത്തുകയും പാലക്കാട് സബ് കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ച് പ്രവർത്തനപുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ടിൽനിന്ന് ഭരണപരമായ ചെലവുകൾക്കുള്ള പണം കണ്ടെത്തുന്നതിന് ശ്രമമാരംഭിച്ചതിനുപുറമെ ജീവനക്കാരുടെ

ശമ്പളവും വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും നൽകുന്നതിനായി 10 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജായി ഇതിനെ മാറ്റുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

## 5. വിധവാ പെൻഷൻ

ശ്രീ. എ. പി. അനിൽ കുമാർ: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴ് വർഷം കഴിഞ്ഞ പുനർവിവാഹിതരായിട്ടില്ലാത്തതുമായ സ്ത്രീകൾക്ക് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയില്ലാതെ അനുവദിച്ചിരുന്ന വിധവാ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും നിയമപരമായി വിവാഹമോചിതരായവർക്ക് വിധവാ പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഭർത്താവ് ഉപേക്ഷിച്ച് ഏഴ് വർഷം കഴിഞ്ഞ പുനർവിവാഹിതരായിട്ടില്ലാത്ത അമ്പത് വയസ് കഴിഞ്ഞ സ്ത്രീകൾക്ക് വിധവാ പെൻഷൻ

അനുവദിച്ചുനൽകിയിട്ടുണ്ട്. നിയമപരമായി വിവാഹമോചനം നേടിയവരും ഭർത്താവ് ഉപേക്ഷിച്ച എല്ലാ പ്രായത്തിലുള്ളവരും വിധവകളുടെ നിർവ്വചനത്തിൽ വരുന്നില്ല. അതുകൊണ്ട് ഇക്കാര്യം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നില്ല.

## 6. ധനസഹായം

ശ്രീ. എം. നൗഷാദ്: സമ്പാദ്യ സമാശ്വാസ പദ്ധതിയിൽനിന്നും മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സമ്പാദ്യസമാശ്വാസ പദ്ധതിയിൽ അംഗമാകുന്ന മത്സ്യത്തൊഴിലാളികളിൽനിന്നും ഒരോ വർഷവും 1500 രൂപ വീതം ഗുണഭോക്തൃ വിഹിതമായി ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ തുല്യ വിഹിതമായ 3000 രൂപയും ചേർത്ത് 4500 രൂപ കടലോര മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലുമായി തിരികെ നൽകുകയും ചെയ്തുവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട മറൈൻ ഗുണഭോക്താക്കൾക്ക്

പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം ഒന്നും രണ്ടും ഗഡു ധനസഹായവും ഇൻലാൻഡ് ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇവർക്ക് മൂന്നാം ഗഡു വിതരണം ഇൻലാൻഡ് ഗുണഭോക്താക്കൾക്ക് സെപ്തംബർ മാസം നൽകേണ്ട മൂന്നാം ഗഡുവും വിതരണം ചെയ്യാനാവശ്യമായ സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് യഥാസമയം പ്രൊപ്പോസൽ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ ടാർഗറ്റ് പ്രകാരം കേരളത്തിൽ 40,000 മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യം ഇനി ലഭിക്കുകയുള്ളൂവെന്നതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. തീരദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ചും എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടമുണ്ടാകുമെന്ന വസ്തുത കണക്കിലെടുത്തും കടലോരം, ഉൾനാടൻ ഭേദമില്ലാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും മത്സ്യം വിൽക്കുന്ന വനിതകൾക്കും നിലവിൽ സംസ്ഥാനത്ത് പദ്ധതിയുടെ ആനുകൂല്യം നൽകുന്നുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം

അനുവദിക്കണമെന്നതാണ് സംസ്ഥാന സർക്കാർ നിലപാട്. ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 7. ആലുവ ജില്ലാ ആശുപത്രി

ശ്രീ. അൻവർ സാദത്ത്: ആലുവ ജില്ലാ ആശുപത്രിക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആലുവ ജില്ലാ ആശുപത്രിയിൽ 168 സ്ഥിരം ജീവനക്കാരും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഇ.എൻ.ടി., ഒഫ്ത്താൽമോളജി, അനസ്തേഷ്യ, സൈക്യാട്രി, ഡെർമറ്റോളജി, റേഡിയോളജി തുടങ്ങിയ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിലുള്ള ഏക ബ്ലഡ് ബാങ്കും ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററും ഇവിടെയാണ്. ലേബർ റൂം ട്രാൻസ്ഫർമേഷൻ, എമർജൻസി ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തസ്തിക സൃഷ്ടിക്കാൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

## 8. റോഡ് നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുണ്ടറ-മുളവന-ചിറ്റുമല-മൺട്രോതുരുത്ത് റോഡുകളുടെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 2016-17-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ റോഡ് പ്രവൃത്തിക്ക് തോപ്പിൽ കൺസ്ട്രക്ഷൻ ഏജൻസിക്ക് കരാർ നൽകിയെങ്കിലും 35 ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. പിഴ ഈടാക്കി കരാർ കാലാവധി ദീർഘിപ്പിക്കാൻ തീരുമാനിച്ചെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കാൻ കരാറുകാർ അലംഭാവം കാണിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ നിയമപരമായി ഒഴിവാക്കി പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 9. കണ്ണൂർ-മൈസൂർ റോഡ്

ശ്രീ. എ. എൻ. ഷംസീർ: കണ്ണൂർ-മൈസൂർ ദേശീയപാതയിൽ മട്ടന്നൂർ-തലശ്ശേരി ഭാഗം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കേന്ദ്ര ഉപതരിതല ഗതാഗതവകുപ്പുമന്ത്രിയുമായി മുഖ്യമന്ത്രി

നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് കണ്ണൂർ-മൈസൂർ റോഡ് ദേശീയപാതയായി അംഗീകരിച്ചത്. തലശ്ശേരി-കൂർഗ് പാതയിൽ തലശ്ശേരി മുതൽ വളവുപാറവരെ കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെടുത്തി റോഡ് നവീകരണം പൂർത്തീകരിച്ച് വരികയാണ്. മൈസൂരിൽനിന്നും ചൊവ്വ വഴി കണ്ണൂരിലേയ്ക്ക് ദേശീയപാത വരുന്ന പക്ഷം മട്ടന്നൂർ മുതൽ തലശ്ശേരി വരെ ഒരു അനുബന്ധ ഭാഗമായി ഉൾപ്പെടുത്തുന്ന കാര്യം എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## 10. പാലം നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വക്കം-കായിക്കര കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വക്കം-കായിക്കര കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ആയതിന്റെ രൂപരേഖ ബന്ധപ്പെട്ട തഹസീൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനും ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും നിർമ്മാണത്തിനുമായി

കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതിക്കുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## V. ക്രമപ്രശ്നം

സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നത് സംബന്ധിച്ച്

ഡോ. എം. കെ. മുനീർ: നിയമസഭാ സമിതി റിപ്പോർട്ടുകളിലെ പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു മണിക്കൂർ നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നിയമസഭാ ചട്ടം 205 B പ്രകാരം നിയമസഭാ സമിതികൾ തയ്യാറാക്കുന്ന പ്രധാനപ്പെട്ട റിപ്പോർട്ടുകളെങ്കിലും സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണെങ്കിലും സമയപരിമിതിമൂലം പലപ്പോഴും ചർച്ച നടത്താറില്ല. ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ടുകൾ പരിശോധിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാറുണ്ടെങ്കിലും സഭയിൽ ചർച്ച ചെയ്യുകയാണെങ്കിൽ കുറച്ചുകൂടി ഗുണകരമാകുമെന്നതിനാൽ പ്രധാനപ്പെട്ട വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 B പ്രകാരം സഭാസമിതികളുടെ റിപ്പോർട്ടിലെ പൊതുപ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതിൽ ഗവൺമെന്റിന് അനുകൂല നിലപാടാണുള്ളതെന്നാണ് അറിയുന്നത്. സഭയുടെ നടപടിക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി രൂപീകരിക്കപ്പെട്ട അഡ്ഹോക്ക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടി ചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ, ചട്ടം 205 B ആയി നിലവിൽ വന്നുവെങ്കിലും രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യാൻ അവസരം ലഭിച്ചിട്ടുള്ളൂ. സഭാ ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവന്നതും കാരണമാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ കൂടുതൽ സമയം ലഭ്യമാകത്തക്ക വിധത്തിൽ ഇനിവരുന്ന സഭാസമ്മേളനങ്ങളുടെ കാര്യപരിപാടികൾ

ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള നീക്കം ഉണ്ടാകേണ്ടതുണ്ട്; അതിനായി പരിശ്രമിക്കാമെന്നാണ് ചെയറിന് പറയാനുള്ളത്.

## VI. അറിയിപ്പ്

ധനകാര്യബില്ലിന് ഭേദഗതി നൽകുന്നതിനുള്ള സമയം

മി. സ്പീക്കർ: 2021 ആഗസ്റ്റ് 12-ാം തീയതി സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകളുടെ വകുപ്പുകൾക്കുള്ള ഭേദഗതികൾ നൽകേണ്ട അവസാന സമയം ഇന്ന് വൈകുന്നേരം 6 മണിയായി ദീർഘിപ്പിച്ചിരിക്കുന്നു.

## VII. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (156,27,30,000 രൂപ)
ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം (868,51,76,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് (522,23,88,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI-ഗ്രാമവികസനം(2350,20,60,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (1583,63,42,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും (635,39,50,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (339,37,66,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലഹരി വർജ്ജനം എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് എക്സൈസ് വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പ്രതിസന്ധി നേരിടുന്ന കള്ള് വ്യവസായത്തെ ആധുനികവൽക്കരിച്ച് തൊഴിലാളികളെ സംരക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉല്പാദനമേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ടോഡി ബോർഡ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. വാർഡ്തലത്തിലും അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചും ലഹരിവർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതും 25 ആദിവാസികളെ എക്സൈസ് സേനയിൽ ഉൾപ്പെടുത്തിയതും സ്വാഗതാർഹമാണ്. എൻ.ഡി.പി.എസ്. നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. എക്സൈസ് സേനാംഗങ്ങളുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനും പുതിയ റേഞ്ച്, സർക്കിൾ ആഫീസുകൾ ആരംഭിക്കുന്നതിനും 200 ആദിവാസി യുവാക്കളെ എക്സൈസ് സേനയിൽ ഉൾപ്പെടുത്തുന്നതിനും ആധുനികരീതിയിലുള്ള വാഹനങ്ങളും ആയുധങ്ങളും

നൽകി സേന ശക്തിപ്പെടുത്തുന്നതിനും വിമുക്തി പദ്ധതിക്ക് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികാവശ്യങ്ങൾക്ക് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണം. കാർഷിക വിളകൾക്ക് താങ്ങുവില ഉറപ്പാക്കുന്നതിനും കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പയ്ക്കുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനും സഹകരണ സംഘങ്ങളിലെ കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. എസ്. സുപാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകർക്കുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ച കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാർഷിക കടാശ്വാസ കമ്മീഷൻ/കർഷക ക്ഷേമനിധി ബോർഡ് എന്നിവ രൂപീകരിച്ചതും നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പാക്കിയതും രാജ്യത്തിനാകെ മാതൃകയാണ്. പഴം, പച്ചക്കറി തുടങ്ങിയവയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയതും 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ കൃഷി വ്യാപകമാക്കിയതും നെല്ല് സംഭരണത്തിന് ഉയർന്ന തുക നൽകിയതും റബ്ബറിന്റെ താങ്ങുവില

വർദ്ധിപ്പിച്ചതും കാർഷിക മേഖലയിൽ മുന്നേറ്റമുണ്ടാക്കി. അഗ്രിപാർക്കുകൾ സ്ഥാപിച്ചുകൊണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടും റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. മരച്ചീനിയിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് അഗ്രിപാർക്ക് സ്ഥാപിക്കുന്നതിനും കശുമാങ്ങ, ജാതിത്തോട്, കാന്താരി മുളക്, ഏത്തപ്പഴം തുടങ്ങിയവയിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ യഥാസമയം സംഭരിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വൈവിദ്ധ്യവൽക്കരണത്തിലൂടെ കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. പുനലൂരിൽ പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുകയും വേനൽക്കാല ജലദൗർലഭ്യം ഒഴിവാക്കുന്നതിന് കല്ലടയാറ്റിൽ തടയണ നിർമ്മിക്കുകയും വേണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മദ്യശാലകൾ ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞതിലൂടെ ഏറ്റവും കൂടുതൽ മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സുഭിക്ഷ കേരളം, ടേക്ക് എ ബ്രേക്ക്, നിലാവ് തുടങ്ങി

നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്കാവശ്യമായ ഫണ്ട് നൽകാനും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട സ്പിൽ ഓവർ തുക അനുവദിക്കാനും ട്രഷറികളിൽ ക്യൂ ബിൽ സംവിധാനം നിലനിൽക്കുന്നതിനാൽ പഞ്ചായത്തുകൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾ പഞ്ചായത്തുകളുടെ മാത്രം മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിലൂടെയുള്ള ബുദ്ധിമുട്ട് പരിഹരിക്കാനും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സ്വയംപര്യാപ്ത ഭരണകേന്ദ്രങ്ങളാക്കാനും ആശ്രിത നിയമനത്തിലുള്ള അപാകതകൾ പരിഹരിക്കാനും നടപടിയെടുക്കണം. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും വെള്ളക്കരം കുടിശ്ശിക വരുത്തുന്നവർക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകി തുക പിരിച്ചെടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയെ ശാക്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മണ്ണിന്റെ പി.എച്ച്. മൂല്യനിർണ്ണയത്തിനാവശ്യമായ മീറ്ററുകൾ കൃഷിഭവനുകളിലൂടെ കർഷകന് ലഭ്യമാക്കാനും തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിച്ച് കൃഷിക്കാരെ സംരക്ഷിക്കാനും മൂല്യവർദ്ധിത വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പമ്പ-അച്ചൻകോവിൽ നദികളിലെ വെള്ളം തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്ക് ഒഴുക്കിവിടുന്നതിനുള്ള നടപടിയെടുക്കണം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്തുകൾക്ക് പൂർണ്ണമായ അധികാരവും പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയും നൽകി തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ വികസന പുരോഗതിയുണ്ടാക്കാൻ സാധിച്ചത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് ശ്ലാഘനീയമാണ്. ബിൽഡിംഗ് പെർമിറ്റ് കൊടുക്കുന്നതിലുണ്ടായ അപാകത ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ദിവസം 300 ടൺ മാലിന്യംവരെ സംസ്കരിക്കാവുന്ന വേസ്റ്റ്-ടു-എനർജി പദ്ധതി ആദ്യമായി കോഴിക്കോട് കോർപ്പറേഷനിൽ പ്രാവർത്തികമാകുന്നതും ലഹരി ഉപയോഗം കർശനമായി നിയന്ത്രിക്കാൻ

'വിമുക്തി' ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും സ്വാഗതാർഹമാണ്. വെള്ളത്തിന്റെ പ്രഷർ കൂടുന്നതുമൂലം ശുദ്ധജല വിതരണ പൈപ്പ്ലൈൻ പൊട്ടുന്നതും റോഡുകൾ തകരുന്നതുമായ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുകയും പൂന്തുർ പുഴയുടെ ആഴംകൂട്ടി സമീപ പ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നത് തടയുകയും ചെയ്യണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും അതിരുകൾ സംരക്ഷിച്ചും പുഴകളുടെയും നദികളുടെയും അരുവികളുടെയും സംരക്ഷണം ഉറപ്പുവരുത്തണം. മണിമലയാറിന്റെ ഒന്നാം മൈൽ മുതൽ പള്ളുരുത്തി വരെയുള്ള ഭാഗം വീതി കൂട്ടി കുട്ടനാട്ടിലെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിനും മണിമലയാറിലേയ്ക്ക് മലിനജലം എത്തുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കാനുദ്ദേശിക്കുന്ന 130 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ജലജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണം.

ശ്രീ. കെ. വി. സുമേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗ്രാമപഞ്ചായത്തുകളെ മുഖവിലയ്ക്കെടുത്ത് ചുമതലകൾ ഏൽപ്പിച്ചതിലൂടെ

പ്രളയവും കോവിഡും ഉൾപ്പെടെയുള്ള പ്രതിസന്ധികളെ ഫലപ്രദമായി നേരിടാൻ സാധിച്ചിട്ടുണ്ട്. വിവിധ ഭവന പദ്ധതികൾ പ്രകാരമുള്ളതും നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ 52,462 വീടുകളുടെ പണി പൂർത്തിയാക്കാൻ ഒന്നാം പിണറായി സർക്കാരിന് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രവൽക്കരണ നടപടികൾ ആരംഭിക്കുകയും ജലജീവൻ മിഷന്റെ വിവിധ പദ്ധതികളിലൂടെ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യണം.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുട്ടനാട്ടിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതോടൊപ്പം രണ്ട് ഡിവിഷനുകളായി വിഭജിക്കുന്നതിനും കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. കെ. അക്ബർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കാനും ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും വസ്തു നികുതി അഞ്ചു വർഷത്തിലൊരിക്കൽ നിർബന്ധമായും പുതുക്കാനും പ്രൊഫഷണൽ ടാക്സ് ഒടുക്കാത്തവർക്കെതിരെ നടപടിയെടുക്കാനും അനധികൃത നിർമ്മാണം നടത്തുന്നവരിൽനിന്ന് പെനാലിറ്റി ഈടാക്കാനും നഗരസഭകൾക്ക്

പെൻഷൻ കോൺട്രിബ്യൂഷൻ ഫണ്ട് നൽകാനും ലൈഫ് പദ്ധതിയിലേയ്ക്കുള്ള കേന്ദ്ര ഗവൺമെന്റ് വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്താനും നടപടി സ്വീകരിക്കണം. ചമ്രവട്ടം റെഗുലേറ്ററിലെ കനാൽ സംവിധാനം കാര്യക്ഷമമാക്കാനും ജലജീവൻ മിഷൻ പദ്ധതിയും നാട്ടിക കുടിവെള്ള പദ്ധതിയും അടിയന്തരമായി പൂർത്തീകരിക്കാനും നടപടിയുണ്ടാകണം.

<u>ശ്രീ. സജീവ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ വികലമായ കാർഷിക നയങ്ങളും പ്രളയം, കോവിഡ് മഹാമാരി എന്നിവയുടെ കെട്ടുതികളും കർഷകരെ ദുരിതത്തിലാക്കിയിരിക്കുകയാണ്. കാർഷിക ഉത്പന്നങ്ങൾ യഥാസമയം സംഭരിക്കുന്നതിനും ന്യായവില ഉറപ്പുവരുത്തുന്നതിനും നെല്ല്, നാളികേരം, റബ്ബർ തുടങ്ങിയവയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും സിയാൽ മാതൃകയിൽ കമ്പനി രൂപീകരിച്ച് കർഷകരെ സഹായിക്കുന്നതിനും നടപടിയുണ്ടാകണം. വളത്തിന്റെയും കീടനാശിനികളുടെയും വില വർദ്ധിച്ച സാഹചര്യത്തിൽ അവയ്ക്ക് സബ്സിഡി നൽകുന്നതിനും ചെറുകിട കർഷകരുടെ 2 ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം. കാർഷിക കടാശ്വാസ കമ്മീഷന്റെ സമാശ്വാസ

പദ്ധതി ആരംഭിക്കുകയും പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും ചെയ്യണം. കാർഷികമേഖലയ്ക്കുവേണ്ടി പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന നയം തിരുത്താനും മുൻകയ്യെടുക്കണം. കോവിഡ് പ്രതിരോധപ്രവർത്തനത്തിന് ചെലവഴിച്ച തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകാനും ഭവനരഹിതർ നൽകിയ അപേക്ഷകളിന്മേൽ പരിഹാരമുണ്ടാക്കാനും നടപടിയുണ്ടാകണം.

ശ്രീ. ലിന്റോ ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാനത്തുണ്ടായ പ്രതിസന്ധി മറികടക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് മാതൃകാപരമാണ്. കൂടുതൽ വില നൽകി നെല്ല് സംഭരിക്കാൻ സാധിച്ചതും നെൽ വയലുകൾക്ക് റോയൽറ്റി അനുവദിച്ചതും കുട്ടികളെ കാർഷികമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി 'പാഠം ഒന്ന് പാടത്തേയ്ക്ക്' എന്ന പദ്ധതി നടപ്പിലാക്കിയതും വിള ഇൻഷ്വറൻസ് പദ്ധതിയുടെ തുക വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. എ. പ്രഭാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആലപ്പുഴ, പാലക്കാട് ജില്ലകളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനും

നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വകാര്യ മില്ലുടമകളുമായി കരാറിൽ ഏർപ്പെടുന്നതിനും നടപടി സ്വീകരിക്കണം. ഡാമുകളുടെയും കനാലുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കുകയും വേണം. കള്ള്-ചെത്ത് തൊഴിലാളികൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി ടോഡി ബോർഡ് രൂപീകരിക്കുന്നതിനും മലമ്പുഴ പ്രദേശത്തെ വന്യമൃഗ ശല്യം തടയുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 16 ഇനം പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചതും കർഷകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 550 കേന്ദ്രങ്ങളിൽ സ്റ്റാളുകൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്. നെൽകൃഷിക്ക് ധനസഹായം ഏർപ്പെടുത്തിയതും തരിശുഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് പ്രത്യേകാനുകൂല്യവും ഭൂവുടമയ്ക്ക് റോയൽറ്റി നൽകിയതും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്. കാർഷികോത്പന്ന സംഭരണകേന്ദ്രങ്ങളും റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഉദുമ-കാഞ്ഞങ്ങാട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചിത്താരി പദ്ധതി

പൂർത്തീകരിക്കുന്നതിനും മൂന്നാംകടവ്, കാക്കടവ് ജലസേചന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. യു. എ. ലത്തീഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് മഹാമാരിക്കാലത്ത് വ്യാപാരസ്ഥാപനങ്ങൾ അടഞ്ഞുകിടന്നപ്പോൾ ബിവറേജസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിലൂടെ മദ്യം വിതരണം ചെയ്ത നടപടി അപലപനീയമാണ്. വ്യവസായങ്ങൾക്ക് നൽകുന്ന പ്രാധാന്യം കൃഷിക്കും നൽകാൻ മുൻകയ്യെടുക്കണം. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവുമൂലം ചരക്കുകൂലി ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. വളത്തിന്റെ വിലവർദ്ധനവും ഉയർന്ന കൂലിച്ചെലവും ഉല്പന്നങ്ങളുടെ വിലക്കുറവും നിമിത്തം കാർഷികവൃത്തിയിൽ നിന്നും കർഷകർ പിന്തിരിയുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകണം. മദ്യഷാപ്പുകൾ തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണെന്ന നിബന്ധന പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സെക്രട്ടറിമാരെ നിയമിക്കുന്നതിനും നടപടിയുണ്ടാകണം. മാലിന്യ സംസ്കരണത്തിൽ രാജ്യത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നായി

കേരളം മാറിയിരിക്കുകയാണ്. മഞ്ചേരി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പി.എച്ച്.സി.കളെ സി.എച്ച്.സി.കളാക്കി ഉയർത്തുന്നതിനും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും എളമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുന്നതിനും കല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ആർ. സുനിൽ കുമാറിനു വേണ്ടി ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എക്സൈസ് വകുപ്പിനാവശ്യമായ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഉറവിട മാലിന്യ സംസ്കരണത്തിന് ഗ്രാമപഞ്ചായത്തുകൾ മുൻകയ്യെടുക്കണം. വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കാർഷികോല്പന്നങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനുമുള്ള പദ്ധതി തയ്യാറാക്കണം. നെല്ലുല്പാദനം പ്രോത്സാഹിപ്പിച്ചും നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിച്ചും വിത്ത് തേങ്ങയ്ക്ക് 70 രൂപ തറവില നിശ്ചയിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. എ. സി. മൊയ്തീൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധി ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി

വർദ്ധിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമാണ്. വകുപ്പുകളുടെ ഏകീകരണവും കൂടുതൽ ജീവനക്കാരെ നിയമിച്ചതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനുതകുന്നതാണ്. ഗ്രേഡിംഗ് പൂർത്തിയാക്കിയ നഗരസഭകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും വിരമിച്ച ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ധനസഹായം അനുവദിക്കുകയും വേണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി 'കില' നടത്തിയ ശ്രമവും തൊഴിലുറപ്പ് പദ്ധതിപ്രകാരം കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിച്ചതും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞതും സ്വാഗതാർഹമാണ്. തൃശ്ശൂർ എക്സൈസ് അക്കാദമിയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാനും എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കർഷകരുടെ അധ്വാനത്തിനനുസൃതമായ പ്രതിഫലം ഉറപ്പാക്കണം. സുതാര്യമായ രീതിയിൽ നഗരമാലിന്യം സംസ്കരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാനും തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

മദ്യശാലകൾക്ക് ലൈസൻസ് നൽകാനും വേസ്റ്റ് മാനേജ്മെന്റിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും മാറ്റിയത് പുനഃപരിശോധിക്കാനും കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് നടത്താനും സർക്കാർ തയ്യാറാകണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 1996-ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയുടെ 25-ാം വാർഷികത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 17-ാം തീയതി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്. അഞ്ച് വർഷംകൊണ്ട് വീടില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാവർക്കും വീട് നിർമ്മിച്ച് നൽകുന്നതാണ്. കുടുംബശ്രീവഴി കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കാനും ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ഫലപ്രദമായി ഇടപെടാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ഉന്നമനത്തിനായി കുടുംബശ്രീയുമായി ബന്ധപ്പെട്ട് 20000 യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 2022-ഓടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓൺലൈനാകുന്നതാണ്. 'വാതിൽപ്പടി' പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും ദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ ഈ

വർഷാവസാനത്തോടുകൂടി പൂർത്തീകരിക്കാനും അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തെ മാലിന്യമുക്തമാക്കാനും നടപടി സ്വീകരിക്കുന്നതാണ്. ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും മുൻകയ്യെടുക്കുന്നതാണ്. മദ്യവർജ്ജനമെന്ന സർക്കാർ നയം നടപ്പിലാക്കാൻ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം സർക്കിൾ, റേഞ്ച് ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. ലഹരി മാഫിയയ്ക്കെതിരെയും അഴിമതിക്കെതിരെയും ശക്തമായ നിലപാടുകൾ സ്വീകരിക്കും. ചിറ്റൂർ ഷുഗർ മിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എക്സൈസ് സേന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ എക്സൈസ് അക്കാദമി നവീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കൃഷി ആഫീസുകൾ സ്മാർട്ട് ആക്കുന്നതിലൂടെ ഫയൽ നടപടികൾ വേഗത്തിലാക്കാനും ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം ഫീൽഡിൽ ചെലവഴിക്കാനും സാധിക്കും. സ്മാർട്ട് കൃഷിഭവനുകൾ ഈ വർഷം യാഥാർത്ഥ്യമാകും. കൃഷിഭവൻ

അടിസ്ഥാനത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും AIMS പോർട്ടലിൽ കർഷകരെ ഉൾപ്പെടുത്തി കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എസ്.എം.എസ്. മുഖേന അറിയിക്കുകയും ഓരോ കർഷകനും യുണീക്ക് ഐ.ഡി.-യും സ്മാർട്ട് കാർഡും നൽകുകയും ചെയ്യുന്നതാണ്. അഗ്രോ സർവ്വീസ് സെന്ററുകളും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി കർഷകർക്കാവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതാണ്. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളിൽ 23 യൂണിറ്റുകളിലായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കും. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓർഗാനിക് ഫാമിംഗ് മിഷൻ രൂപീകരിക്കുന്നതിനും വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് സമയബന്ധിതമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതുമാണ്. അട്ടപ്പാടിയിൽ ഒരു ചെറുധാന്യ സംസ്കരണ ഫാക്ടറിയും ഇൻക്യുബേഷൻ സെന്ററും യാഥാർത്ഥ്യമാക്കും. കശുമാങ്ങ, ജാതിത്തോട്, കാന്താരി, വെറ്റില തുടങ്ങിയവയിൽനിന്ന് വൈൻ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. നെല്ലിന്റെ സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

പരിഹരിക്കുന്നതാണ്. സഹകരണവകുപ്പ് മുൻകയ്യെടുത്ത് കൂടുതൽ മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി ഹോർട്ടികോർപ്പിനെയും വി.എഫ്.പി.സി.കെ.-യെയും ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്. കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റിംഗിനായി സിയാൽ മോഡലിൽ ഒരു പ്രത്യേക കമ്പനി രൂപീകരിക്കുകയും വിള അധിഷ്ഠിത ഫുഡ് പാർക്കുകൾ സ്ഥാപിക്കുകയും ചെയ്യും. കർഷക കൂട്ടായ്മകൾക്കും കാർഷിക ഉല്പാദന കമ്പനികൾക്കും പലിശരഹിത റിവോൾവിംഗ് ഫണ്ടായി മൂലധന പിന്തുണ നൽകുന്നതിന് ബാങ്കുകളുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കും. കാർഷികോല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് ഇന്ത്യൻ എംബസികളുമായി ചേർന്ന് അവസരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കും. കാർഷികമേഖലയിൽ മാനവവിഭവശേഷി ലഭ്യത കുറഞ്ഞുവരുന്നതിനാൽ വിലക്കുറവുള്ളതും കർഷകർക്ക് അനായാസം ഉപയോഗിക്കാൻ സാധ്യമാകുന്നതുമായ കാർഷികോപകരണങ്ങൾ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകളെ സപ്പോർട്ട്

ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും. കേരളത്തിലെ കർഷകരെ സഹായിക്കാനാവശ്യമായ നയങ്ങളും പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോകുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വരൾച്ച സാധ്യത/മലയോര മേഖലകളിൽ ജലസേചന സൗകര്യം സൃഷ്ടിച്ചും നിലവിലുള്ള ജലസേചന പദ്ധതികളുടെ പരിപാലനം ഉറപ്പുവരുത്തിയും ഭക്ഷ്യധാന്യങ്ങൾ, നാണ്യവിളകൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതാണ്. കാർഷിക മേഖലയിൽ മൈക്രോ ഇറിഗേഷൻ അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും. കൃഷി/സഹകരണം/വൈദ്യുതി വകുപ്പുകളുമായി ആലോചിച്ച് 'കെ. എം. മാണി ഊർജ്ജിത കാർഷിക ജലസേചന പദ്ധതി' നടപ്പിലാക്കുന്നതാണ്. കടൽത്തീര സംരക്ഷണവുമായി ബന്ധപ്പെട്ട് ചെല്ലാനത്ത് 344 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും കൊല്ലങ്കോട്, ശംഖുംമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, കയ്പമംഗലം, പൊന്നാനി, തലശ്ശേരി, വലിയപറമ്പ് തുടങ്ങിയ

സ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. ചാലിയാർ നദീതടത്തിൽ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടിനുള്ള സാധ്യത പരിശോധിക്കുന്നതും കൂടുതൽ സ്ഥലങ്ങളിൽ അണക്കെട്ടുകൾ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തുന്നതുമാണ്. പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം കാവേരി നദീജല കരാർ പ്രകാരം അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കാൻ പുതിയ പദ്ധതികളാവിഷ്കരിക്കുന്നതുമാണ്. മുല്ലപ്പെരിയാർ കേസിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചുമതല നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കാനും ഡാമുകളുടെ ചരിത്രപരമായ പഠനത്തിനായി ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കാനും കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയതലത്തിൽ അക്കാഡമിക് വിംഗിന്റെ ഗവേഷണ കേന്ദ്രമാക്കി മാറ്റാനും പദ്ധതി തയ്യാറാക്കുന്നതാണ്. മംഗലം ഡാമിൽ എക്കൽ നീക്കാനുള്ള നടപടികളാരംഭിച്ചിട്ടുള്ളതും ചുള്ളിയാർ, അരുവിക്കര, വാളയാർ, മീങ്കര എന്നിവിടങ്ങളിൽ അതിന്റെ പ്രാരംഭ

പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളതുമാണ്. കുട്ടനാട്ടിൽ തോട്ടപ്പള്ളി സ്പിൽവേ ഉൾപ്പെടെയുള്ള ജലനിർഗ്ഗമന സ്രോതസ്സുകൾ ക്രമപ്പെടുത്തുന്നതും തോട്ടപ്പള്ളി ലീഡിംഗ് ചാനൽ/എ.സി. കനാൽ എന്നിവയുടെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതുമാണ്. മീനച്ചിൽ നദീതട പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അരുവിക്കര, തൊടുപുഴ എന്നിവിടങ്ങളിലെ ഹില്ലി അക്വാ കുപ്പിവെള്ള യൂണിറ്റ് നവീകരിക്കുന്നതും കോഴിക്കോട് പെരുവണ്ണാമൂഴിയിൽ പുതിയ യൂണിറ്റ് ആരംഭിക്കുന്നതുമാണ്. നഗരങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കാനും കനാലുകളും, തോടുകളും ഡീസിൽറ്റ് ചെയ്ത് വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചുവരുന്നു. 2024-ഓടുകൂടി എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളമെത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളുള്ള പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വീയപുരം മുതൽ തോട്ടപ്പള്ളി സ്പിൽവേ വരെയുള്ള ഭാഗത്ത് പൈൽ & സ്ലാക്ക് ഉപയോഗിച്ച് തീരസംരക്ഷണ പ്രവൃത്തികൾ

നടത്തിവരുന്നു. 'ജിക്ക' പദ്ധതിയിലുൾപ്പെട്ട കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നഗരപരിധിയിൽ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നടത്തുന്നതിനും കുട്ടനാട്ടിലെ പതിമൂന്ന് പഞ്ചായത്തുകളിലും ശുദ്ധജലമെത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജും കിഫ്ബി പദ്ധതിയുമായും ബന്ധപ്പെട്ട് സ്പെഷ്യൽ മിഷൻ നടപ്പാക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥന 35-നെതിരെ 90 വോട്ടുകളോടെയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും 36-നെതിരെ 90 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.53-ന് പിരിഞ്ഞു.

*******